**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1713 04.12.2015-ൽ മറുപടിയ്ക്ക്

**പാഠപുസ്തക അച്ചടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | **ശ്രീ.കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പാഠപുസ്തകങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയാത്തതിനു കാരണം അച്ചടിവകുപ്പിന്റെ വീഴ്ചയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; <br><br> (ബി) എങ്കിൽ അപ്രകാരം വീഴ്ച സംഭവിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ; <br><br> (സി) അച്ചടിവകുപ്പിന്റെ വീഴ്ച കാരണമല്ല ഇപ്രകാരം സംഭവിച്ചതെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ,ബി &സി) | 2015 ലെ പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ, ബോർഡ് എന്നിവ വാങ്ങുന്നതിനുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും സ.ഉ (സാധ) നം.4920/14/പൊവിവ നമ്പർ 11.11.2014 ലെ ഉത്തരവു പ്രകാരം ലഭ്യമാകുകയും തുടർന്ന് ദർഘാസ് നടപടികൾ പൂർത്തിയാക്കി ഡിപിസി ശുപാർശ പ്രകാരം പേപ്പർ പർച്ചേസിനുള്ള ഉത്തരവ് 24.01.2015 ലെ സ.ഉ (സാധാ) നം.150/2015/ഉവിവ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിതരണ ഉത്തരവുകൾ 28.01.2015 ന് നൽകുകയും 09.02.2015 മുതൽ കെ.ബി.പി.എസിന് അച്ചടിക്കുള്ള പേപ്പറും ബോർഡുകളും കരാറുകാർ വിതരണം ആരംഭിക്കുകയും ചെയ്തു. പേപ്പർ ലഭ്യമാക്കിയതിനുശേഷം ഫെബ്രുവരി അവസാന ആഴ്ചയിൽ പാഠപുസ്തകഅച്ചടി ആരംഭിച്ചു <br><br> (2015-16) അദ്ധ്യയനവർഷത്തെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിക്കായി ഒന്നാം ഘട്ടത്തിൽ ഏകദേശം 2 കോടി മുപ്പത്തിമൂന്നുലക്ഷവും രണ്ടാം ഘട്ടത്തിൽ ഏകദേശം 1 കോടി 26 ലക്ഷവും പാഠപുസ്തകങ്ങളുടെ അച്ചടി ഉത്തരവ് 28.10.2014 ലെ എ 2-1633/2014 റ്റിബിഒ നം. ടെന്റേറ്റീവ് പ്രിന്റ് ഓർഡർ പ്രകാരം വിദ്യാഭ്യാസ വകുപ്പിൽ നിന്നും കെ.ബി.പി.എസ് ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ് 1-10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. എന്നാൽ ഒന്നാംഘട്ടത്തിൽ 15.05.2015 നകം അച്ചടി പൂർത്തീകരിക്കുവാൻ കഴിയില്ലെന്ന് KBPS ൽ നിന്നും അറിയിച്ചതിനെത്തുടർന്ന് 60 ലക്ഷത്തോളം പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ അച്ചടിവകുപ്പിന് നിർദ്ദേശം നൽകുകയും 15.06.2015 നുള്ളിൽ 12 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിവകുപ്പ് |

അച്ചടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഏകദേശം 10 ലക്ഷം പുസ്തകങ്ങൾ ഔട്ട്സോഴ്സ് ചെയ്യുകയും ബാക്കി പുസ്തകങ്ങൾ മുഴുവനും KBPS-ൽ അച്ചടിക്കുകയും ഒന്നാം വാല്യം പാഠപുസ്തകങ്ങൾ 20.7.2015- ൽ വിതരണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാം വാല്യം പുസ്തകങ്ങൾ കെ.ബി.പി.എസിൽ തന്നെ 25.10.2015- നകം അച്ചടിച്ച് പൂർത്തിയാക്കി 30.10.2015 നകം ഇൻഡന്റ് പ്രകാരമുള്ള വിതരണം ക്രമീകരിച്ചിരുന്നു. ഇൻഡന്റിന്റെ അപാകതയും മറ്റും പരിശോധിച്ച് 7.11.2015 നകം മുഴുവൻ സൊസൈറ്റികളിലേക്കുമുള്ള പുസ്തകങ്ങൾ നൽകി കഴിഞ്ഞു.

| | |
|---|---|
| (ഡി) സർക്കാർ പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നുണ്ടോ ; | 2015-16 അദ്ധ്യയനവർഷം 60,38,200 ഒന്നാംവാല്യം പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനായി സർക്കാർ പ്രസ്സുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൽ 12 ലക്ഷത്തോളം പാഠപുസ്തകങ്ങൾ 15.6.2015 ൽ സർക്കാർ പ്രസ്സ് അച്ചടിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) എങ്കിൽ നടപ്പ് അധ്യയനവർഷം വിതരണം ചെയ്യേണ്ട പുസ്തകങ്ങൾ സ്കൂളുകളിൽ എന്ന് ലഭ്യമാക്കാൻ കഴിയുമെന്ന് പറയുമോ ? | 2015-16 അദ്ധ്യയനവർഷത്തെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയുടെ ഒന്നാംഘട്ടത്തിൽ പാഠപുസ്തകങ്ങൾ പൂർണ്ണമായും അച്ചടിച്ച് 20.07.2015 ന് വിതരണം പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിൽ 7.11.2015 ൽ സ്കൂൾ സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ